"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ചളിയ്ക്കൽ-മുറംഞ്ഞുക്കി റോഡ് ടാറിംഗ് പ്രവൃത്തി - വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.516/2026/LSGD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.05.2023-ലെ E15-(SC-13/23/MPM) 36467/2022/ DVACB നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 24.08.2023-ലെ വിജി-ഡി1/225/2023-വിജി നമ്പർ കത്ത്.
3. 14.11.2023-ലെ കുറ്റപത്രം / കുറ്റാരോപണപത്രിക.
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി. 29.11.2023 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ. 02.12.2023 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.10.2025-ലെ LSGD/PD/65431/2023-VIGD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ ചളിയ്ക്കൽ-മുറംഞ്ഞുക്കി റോഡ് ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയും പരാമർശം (1), (2) പ്രകാരം വിജിലൻസ് വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. മിന്നൽ പരിശോധനയുടെ ഭാഗമായി കരാർ പ്രവൃത്തി റാന്റമായി കുഴിയെടുത്ത് പരിശോധിച്ചതിൽ മൂന്നാമത്തെ കുഴിയെടുത്ത ഭാഗത്ത് WMM thickness 7.5 cm കിട്ടേണ്ടിടത്ത് 3.5 cm മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നും ശേഷിക്കുന്ന 4cm thickness ക്വാറിമെക്കിൽ കാണപ്പെടുന്ന വലിയ കല്ലുകൾ അടങ്ങുന്ന മെറ്റീരിയൽ ഉപയോഗിച്ചതു വഴി 14,319/- രൂപ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നും വിജിലൻസ് കണ്ടെത്തി. പ്രസ്തുത ക്രമക്കേടുകൾക്ക് കാളികാവ് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.അനിൽ കുമാർ എൻ. (PEN - 441995), എടക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി. (PEN-836849) എന്നിവർ ഉത്തരവാദികളാണെന്ന് വിജിലൻസ് കണ്ടെത്തി. മേൽ അപാകത സംഭവിക്കുന്നതിന്

സാഹചര്യമൊരുക്കിയ പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച് അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി., അളവുകൾ ശരിയാണോ എന്നു പരിശോധിക്കാതെ ആയതിന് മേലൊപ്പ് ചാർത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ., എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ശിപാർശ ചെയ്തു.

2. വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി., എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരമുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കുറ്റപത്രം / കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി.

3. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന സമർപ്പിച്ച പരാമർശം (4) പ്രതിവാദപത്രികയിൽ 4.5 cm സൈസിലുള്ള കല്ലുകൾ WMM മിക്സിൽ ഉപയോഗിക്കുന്നുണ്ടെന്നും ഈ കല്ലുകൾ വിജിലൻസ് മൂന്നാമത് കുഴിയെടുത്ത ഭാഗത്ത് കൂടുതലായി ഉള്ളതിനാലാണ് വലിയ കല്ലുകൾ ഉൾപ്പെടുന്ന മെറ്റീരിയൽ ഉപയോഗിച്ചു എന്ന് വിജിലൻസ് കണ്ടെത്തിയത് എന്നും 4.5 cm വലിപ്പമുള്ള കല്ലുകൾ ഉൾപ്പെടുന്ന WMM 3.5cm മാത്രം thickness-ൽ റോഡിൽ ഇടുന്നത് അപ്രായോഗികമാണ് എന്നും യഥാർത്ഥത്തിൽ WMM 7.5 cm thickness-ൽ പ്രസ്തുത ഏരിയയിലും ഉപയോഗിച്ചിട്ടുണ്ട് എന്നും അറിയിച്ചിരുന്നു. ഏപ്രിൽ മാസത്തിൽ അപ്രതീക്ഷിത മഴയുണ്ടാകുകയും റോഡിന്റെ കുത്തനെയുള്ള പാർശ്വ ഭാഗങ്ങളിലൂടെ മഴനീർച്ചാലുകൾ രൂപപ്പെടുകയും ചെയ്തിരുന്നു എന്നും ചളിക്കൽ-മുറംഞ്ചി എന്ന് റോഡ് പ്രവൃത്തി പൂർത്തിയാക്കിയ ഉടനെ പ്രസ്തുത റോഡിനോട് ചേർന്നുള്ള പ്ലോട്ടിലെ റബ്ബർ മരങ്ങൾ പൂർണമായും മുറിച്ച്, ടി റോഡിലൂടെ കൊണ്ടുപോവുകയുണ്ടായി എന്നും 10 ടൺ ഭാരപരിമിതിയുള്ള റോഡിലൂടെ 20 ടണ്ണിൽ ഏറെയുള്ള വാഹനങ്ങൾ തുടർച്ചയായി സഞ്ചരിച്ചതിന്റെ ഫലമായാണ് റോഡിന്റെ പാർശ്വ വശങ്ങളിൽ വിള്ളലുകൾ രൂപപ്പെട്ട് പൊളിയുന്ന അവസ്ഥ ഉണ്ടായത് എന്നും പ്രതിവാദപത്രികയിൽ പരാമർശിച്ചിരിക്കുന്നു. Defect Liability Period-ൽ ഉണ്ടായ കേടുപാടുകൾ കരാറുകാരന് കത്ത് നൽകിയതിനെത്തുടർന്ന് അടിയന്തരമായി പരിഹരിച്ചിട്ടുണ്ടെന്നും നിലവിൽ റോഡിൽ കേടുപാടുകൾ ഒന്നും തന്നെ ഇല്ല എന്നും സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്നും കരാറുകാരന് ബിൽ തുക ഇത് വരെ നൽകിയിട്ടില്ല എന്നും പ്രസ്തുത പ്രവൃത്തി നിർവ്വഹണ സമയത്ത് തനിക്ക് ചുങ്കത്തറ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥിരം ചുമതലയും നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അധിക ചുമതലയുമായിരുന്നു എന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി. ബോധിപ്പിച്ചിരിക്കുന്നു.

4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന സമർപ്പിച്ച പരാമർശം (5) പ്രതിവാദപത്രികയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി. സമർപ്പിച്ച പ്രതിവാദപത്രികയിലേതിന് സമാനമായ വാദങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. കൂടാതെ, മാന്വലായി മിക്സിംഗ് നടത്തിയാണ് റോഡ് മെറ്റീരിയൽ ലേയിംഗ് ചെയ്യുന്നത് എന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള കനം ഉറപ്പുവരുത്തിയാണ്

പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും റോഡ് റോളർ ഉപയോഗിച്ച് റോളിംഗ് ചെയ്ത സമയത്ത് വലിയ സൈസിലുള്ള മെറ്റൽ ഒരു ഭാഗത്തേക്ക് നീങ്ങി വന്നതാവാമെന്നും റോഡിന്റെ ലെവലിംഗ് സമയത്ത് 7.5 സെന്റി മീറ്ററിനേക്കാൾ കൂടുതൽ thickness ഉള്ള ഭാഗങ്ങളും ഉണ്ടായിട്ടുണ്ടെന്നും average thickness എന്ന രീതിയിലാണ് എം.ബുക്കിൽ WMM thickness 7.5cm എന്ന് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയത് പരിഗണിച്ചാണ് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ average thickness 7.5cm എന്ന പരിഗണനയിൽ മേലൊപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ. ബോധിപ്പിച്ചിരിക്കുന്നു. പ്രസ്തുത പ്രവൃത്തി നിർവ്വഹണ സമയത്ത് തനിക്ക് കാളികാവ് ബ്ലോക്ക്പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്ഥിരം ചുമതലയും നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതലയുമായിരുന്നു എന്നും ടിയാൾ ബോധിപ്പിച്ചിരിക്കുന്നു.

5. പോത്തുകൽ ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ ചളിയ്ക്കൽ-മുറംകുക്കി റോഡ് സംബന്ധിച്ച വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ടിൽ കുറ്റാരോപിതരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി. എന്നിവരുടെ വിശദീകരണം പരിശോധിച്ചതിലും അന്വേഷണത്തിലും ടിയാളുകൾ ബോധപൂർവ്വം വീഴ്ച വരുത്തിയിട്ടില്ല എന്ന് പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

i. 2019-ലെ കാലവർഷത്തിൽ തകർന്നു പോയ ചളിയ്ക്കൽ-മുറംകുക്കി കാനക്കുത്ത് റോഡ് പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി റീ ടാർ ചെയ്യുന്നതിനു വേണ്ടിയാണ് F.R.W. ഫണ്ട് വിനിയോഗിച്ച് പ്രൊജക്ട് ഏറ്റെടുത്തിട്ടുള്ളത്.
ii. വിശദീകരണത്തിൽ ഉൾപ്പെടുത്തിയ WMM മിക്സിൽ ഉൾപ്പെട്ടു വരുന്ന കല്ലുകളെ സംബന്ധിച്ച വിവരം ശരിയാണ്. ആയത് പ്രകാരം 4.5 cm സൈസിലുള്ള കല്ലുകൾ WMM മിക്സിൽ ഉപയോഗിച്ചു വരുന്നുണ്ടെന്ന വാദം അംഗീകരിക്കാവുന്നതാണ്.
iii. 4.5 cm സൈസിലുള്ള കല്ലുകൾ ഉൾപ്പെട്ടു വരുന്ന WMM മെറ്റീരിയൽ 3.5 cm കനത്തിൽ റോഡിൽ ഇടുന്നത് അപ്രായോഗികമാണെന്ന വാദവും അംഗീകരിക്കാവുന്നതാണ്.
iv. റോളർ ഉപയോഗിച്ച് റോൾ ചെയ്യുന്ന അവസരത്തിൽ വലിയ കല്ലുകൾ ഒരുസ്ഥലത്ത് കൂടിച്ചേർന്ന് വരാൻ സാധ്യതയുണ്ട്. അതോടൊപ്പം 4.5 cm സൈസിലുള്ള കല്ലുകൾ WMM മെറ്റീരിയലിലും ക്വാറിമെക്കിലും ഒരുപോലെ ഉൾപ്പെട്ടുവരുന്നതാണ്.
v. സ്ഥലപരിശോധന സമയത്ത് റബ്ബർ മരങ്ങൾ പൂർണ്ണമായും മുറിച്ചു നീക്കിയ പ്ലോട്ടുകൾ റോഡിനോട് ചേർന്നു കിടക്കുന്നതായി കാണാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഏപ്രിൽ മാസത്തിൽ അപ്രതീക്ഷിതമായി മഴ പെയ്തതിനാലും പരിധിയിൽ അധികരിച്ച ഭാരം കയറ്റിയ വാഹനങ്ങൾ പ്രവൃത്തി നടത്തിയ ഉടനെ റോഡിലൂടെ സഞ്ചരിച്ചതിനാലുമാണ് റോഡ് തകരാൻ ഇടയായതെന്ന കുറ്റാരോപിതരുടെ വാദം അംഗീകരിക്കാവുന്നതാണ്.
vi. ഡിഫക്ട് ലയബിലിറ്റി കാലയളവിൽ കേടുപാടുകൾ ഉണ്ടായ റോഡിന്റെ ഭാഗങ്ങൾ കരാറുകാരൻ തന്നെ പുനർനിർമ്മിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

vii. എം.ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ദൂരവും വീതിയും ശരിയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് എന്ന വാദം അംഗീകരിക്കാവുന്നതാണ്.

viii. പരിശോധനയിൽ പ്രവൃത്തിയുടെ കനത്തിൽ അപാകത കണ്ടിട്ടില്ലെന്ന കാരണത്താൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കനം ഉറപ്പുവരുത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന കുറ്റാരോപിതരുടെ വാദം അംഗീകരിക്കാവുന്നതാണ്.

ix. നിലവിൽ പ്രവൃത്തിയുടെ ബിൽതുക കരാറുകാരന് അനുവദിച്ച് നല്കിയിട്ടില്ല. ആയതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ല.

6. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏപ്രിൽമാസത്തിൽ അപ്രതീക്ഷിതമായി മഴ പെയ്തതിനാലും പരിധിയിൽ അധികരിച്ച ഭാരം കയറ്റിയ വാഹനങ്ങൾ പ്രവൃത്തി നടത്തിയ ഉടനെ റോഡിലൂടെ സഞ്ചരിച്ചതിനാലുമാണ് റോഡ് തകരാൻ ഇടയായതെന്ന കുറ്റാരോപിതരുടെ വാദവും ടിയാളുകൾ പ്രസ്തുത പ്രവൃത്തി നിർവ്വഹണ സമയത്ത് അധികചുമതലയിലായിരുന്നു എന്നതും നിലവിൽ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് അനുവദിച്ച് നല്കിയിട്ടില്ലാത്തതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ല എന്നതും കണക്കിലെടുക്കുമ്പോൾ പോത്തുകൽ ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ ചളിക്കൽ-മുറംതൂക്കി റോഡ് ടാറിംഗ് കഴിഞ്ഞ് അഞ്ച് മാസത്തിനുള്ളിൽ തകർന്നതിൽ കുറ്റാരോപിതരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി., എന്നിവർ ബോധപൂർവ്വം വീഴ്ച വരുത്തിയിട്ടില്ല എന്ന് കാണുന്നു.

7. മേൽസാഹചര്യത്തിൽ, മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ നാലാം വാർഡ് ചളിയ്ക്കൽ-മുറംതൂക്കി റോഡ് ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ. (PEN-441995, DoR-28.02.2026) അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രവീൺ വി. (PEN-836849, DoR-31.01.2051), എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ടിയാളുകൾക്കെതിരെ തുടർനടപടികൾ ആവശ്യമില്ലെന്നുകണ്ട് കുറ്റവിമുക്തരാക്കിക്കൊണ്ട് തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ. (PEN-441995), കാളികാവ് ബ്ലോക്ക് പഞ്ചായത്ത്.
2. ശ്രീ. പ്രവീൺ വി. (PEN -836849), എടക്കര ഗ്രാമപഞ്ചായത്ത്.

**(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് **(D.P.C. സംബന്ധമായ തുടർനടപടികൾക്കായി)**
6. വിജിലൻസ് (ഡി) വകുപ്പ് (07.02.2026-ലെ VIG-D1/225/2023-VIG പ്രകാരം)
7. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EWA2/67/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 28-02-2026 12:10:08

സെക്ഷൻ ഓഫീസർ